# ഇസ്‌ലാമിനെക്കുറിച്ചുള്ള എന്റെ ധാരണ

വി.ആർ. കൃഷ്ണയ്യർ

അല്ലാഹുവിന്റെ നിർദേശങ്ങളിൽ പെട്ടതാണ് ദരിദ്രരോടുള്ള കരുണ. ലോകജനതയുടെ സഹവർത്തിത്വം ഇസ്‌ലാമിന്റെ ആധാരശിലയാണ്. സോഷ്യലിസ്റ്റ്‌വിശ്വാസങ്ങൾ ഖുർആനിൽ നിഴലിച്ചുകാണുന്നു എന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. മതഭ്രാന്തിന്റെ പര്യായമല്ല ഖുർആനിൽ അധിഷ്ഠിതമായ ജിഹാദ്. അനീതിക്കെതിരായും സ്വന്തം ദൂഷ്യങ്ങൾക്കെതിരായും പരിശുദ്ധി നേടാൻ വേണ്ടി പോരാടുകയാണ് ജിഹാദ് എന്ന തത്ത്വം.

ഇസ്‌ലാമിനെക്കുറിച്ചും ഇസ്‌ലാമികലോകത്തെക്കുറിച്ചും പല ധാരണകളും തെറ്റുധാരണകളും നിലവിലുണ്ട്. അല്ലാഹുവിനെക്കുറിച്ചും ഖുർആനിലെ വിശ്വദർശനത്തെക്കുറിച്ചും ഭിന്നാഭിപ്രായങ്ങൾ പലതുമുണ്ട്. 2001 സെപ്റ്റംബർ 11-നു ശേഷം, ഇസ്‌ലാമികവിശ്വാസങ്ങളെയും വിശ്വാസികളെയും ലോകജനത ഞെട്ടലോടെ ചർച്ചചെയ്യുകയാണ്. ഈ ഘട്ടത്തിൽ അല്ലാഹുവിനെക്കുറിച്ചും ഇസ്‌ലാമിനെക്കുറിച്ചും എനിക്കുള്ള ചില അഭിപ്രായങ്ങൾ പ്രകടമാക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്.

മാനവരാശിയെ അദ്വൈതവീക്ഷണത്തിൽകൂടി ഇസ്‌ലാം ദർശിക്കുന്നു. ലോകജനതയെ ഏകോദരസഹോദരങ്ങളായി കരുതുന്ന അദ്വൈതസിദ്ധാന്തമാണ് യഥാർഥ ഇസ്‌ലാമിക മതം എന്നാണ് ഞാൻ മനസ്സിലാക്കിയത്. ഈ തത്ത്വം സാധൂകരിക്കാനും അക്രമത്തെയും അനീതിയെയും എതിർക്കാനും ഖുർആൻവചനങ്ങൾ ഉണ്ട്. കുറ്റകൃത്യങ്ങൾക്കെതിരെ സന്ധിയില്ലാത്ത നിലപാടാണ് ഖുർആനിൽ നമുക്കു കാണാൻ സാധിക്കുന്നത്. നിങ്ങളെ ഒരൊറ്റ ആത്മാവിൽനിന്നാണ് സൃഷ്ടിച്ചതെന്നും ഈ മർമപ്രധാനമായ വിശ്വാസത്തിൽകൂടി നിങ്ങൾ ശാന്തി തേടണമെന്നും അല്ലാഹു വ്യക്തമായി അരുളുന്നു. അതുപോലെത്തന്നെ ജാതിമതവ്യത്യാസങ്ങൾ അസ്സൽ ഇസ്‌ലാമിലില്ല. നീതിയും നന്മയും പ്രവർത്തിക്കാനും കുടുംബബന്ധങ്ങൾ പുലർത്താനും അല്ലാഹു അനുശാസിക്കുന്നു. മ്ലേഛവും നിഷിദ്ധവും അക്രമവുമായ കാര്യങ്ങൾ ഖുർആൻ നിരോധിക്കുന്നു. നേർമാർഗത്തിൽ ഉറച്ചുനിലകൊള്ളാൻ, നീതിക്ക് സാക്ഷ്യംവഹിക്കാൻ ഖുർആൻ നിർദേശിക്കുന്നു. നീതിപാലനമാണ് യഥാർഥ ദൈവഭക്തി എന്ന് ഖുർആനിൽ കൂടി അല്ലാഹു ഉപദേശിച്ചിരിക്കുന്നു. സ്ത്രീപുരുഷഭേദമന്യേ മാനവികത എല്ലാവരിലും സങ്കൽപിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് സ്വത്തവകാശം നൽകിയ മതമാണ് ഇസ്‌ലാം. അതുപോലെത്തന്നെ വൈവാഹികബന്ധം കരാറിൽകൂടി നിർവഹിക്കണമെന്നും നിർദേശിച്ചിട്ടുള്ളത് ഇസ്‌ലാമിലാണ്. ത്വലാഖിനെസ്സംബന്ധിച്ചും ചില തെറ്റുധാരണകളുണ്ട്. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും വെറുക്കപ്പെട്ട കാര്യമാണ് ത്വലാഖ്. എന്നുമാത്രമല്ല, ഒറ്റയിരിപ്പിൽ മൂന്നു തവണ ത്വലാഖ് പറഞ്ഞാൽ വിവാഹബന്ധം പൂർണമായി വിഛേദിക്കപ്പെടുമെന്ന വിശ്വാസവും അസ്ഥാനത്തിലുള്ളതാണ്. വിവാഹക്കരാറിൽ അതിനെതിരായ നിബന്ധനകൾ എഴുതിച്ചേർത്താൽ മുത്ത്വലാഖിന് പിന്നീട് സാധ്യതയില്ല. ഭാര്യക്ക് വിമോചനത്തിനു ശേഷം ജീവനാംശം കൊടുക്കണമെന്ന് അസ്സൽ ഇസ്‌ലാം നിർബന്ധിച്ചിട്ടുണ്ട്. ഭാര്യക്കും ചില ഘട്ടങ്ങളിൽ വിവാഹമോചനത്തിന് അധികാരമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ സ്ത്രീപുരുഷസമത്വത്തിന്റെ പല വശങ്ങളും ഖുർആനിൽ ലിഖിതമായിട്ടുണ്ട്.

അല്ലാഹുവിന്റെ നിർദേശങ്ങളിൽ പെട്ടതാണ് ദരിദ്രരോടുള്ള കരുണ. ലോകജനതയുടെ സഹവർത്തിത്വം ഇസ്‌ലാമിന്റെ ആധാരശിലയാണ്. സോഷ്യലിസ്റ്റ്‌വിശ്വാസങ്ങൾ ഖുർആനിൽ നിഴലിച്ചുകാണുന്നു എന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. മതഭ്രാന്തിന്റെ പര്യായമല്ല ഖുർആനിൽ അധിഷ്ഠിതമായ ജിഹാദ്. അനീതിക്കെതിരായും സ്വന്തം ദൂഷ്യങ്ങൾക്കെതിരായും പരിശുദ്ധി നേടാൻ വേണ്ടി പോരാടുകയാണ് ജിഹാദ് എന്ന തത്ത്വം.

അനാചാരങ്ങൾ പലതും ഇസ്‌ലാമിൽ കടന്നുകൂടിയിട്ടുണ്ട്, മറ്റു മതങ്ങളിലും. തെറ്റുധാരണകൾ തിരുത്തുകയും സത്യസന്ധമായി അല്ലാഹുവിനെ ആരാധിക്കുകയും ഖുർആനിലെ സൂക്തങ്ങളെ ശ്രദ്ധയോടെ മനസ്സിലാക്കുകയും ചെയ്യുക എന്ന കർത്തവ്യം നിശ്ചയമായും യഥാർഥ മുസ്‌ലിംകൾ ഏറ്റെടുക്കുമെന്ന് ഞാൻ കരുതുന്നു. കരുണാസാഗരമായ ദൈവത്തെ ഇസ്‌ലാംമതത്തിലും ഇതര മതങ്ങളിലെന്നപോലെ ദർശിക്കാൻ സാധിക്കും. സഹിഷ്ണുതയോടെ ഉൽപതിഷ്ണുക്കൾ ഇതിനുവേണ്ടി ശ്രമിക്കണമെന്ന് അഭ്യർഥിക്കുന്നു.